**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 700** **09-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മത്സ്യലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri Saji Cherian (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2018-19, 2019-20 വര്‍ഷങ്ങളില്‍ സംസ്ഥാനത്തെ ആകെ മത്സ്യ ലഭ്യത എത്ര ടണ്‍ ആയിരുന്നുവെന്ന് അറിയിക്കുമോ; | (എ) | 2018-19, 2019-20 വര്‍ഷങ്ങളില്‍ സംസ്ഥാനത്തെ ആകെ മത്സ്യലഭ്യത യഥാക്രമം 8.01758 ലക്ഷം മെട്രിക് ടണ്‍, 6.80798 ലക്ഷം മെട്രിക് ടണ്‍ എന്നിങ്ങനെയാണ്. |
| (ബി) | മത്സ്യലഭ്യത കുറയുന്ന പക്ഷം, ആയത് വര്‍ദ്ധിപ്പിക്കുന്നതിനായി ഉള്‍നാടന്‍ മത്സ്യ കൃഷി ഉള്‍പ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മത്സ്യലഭ്യത കുറയുന്ന പക്ഷം ആയത് വര്‍ദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികള്‍ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി ഉള്‍നാടന്‍ മത്സ്യോത്പാദനം വര്‍ദ്ധിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വര്‍ഷം 61.15 കോടി രൂപ വകയിരുത്തി മത്സ്യകൃഷി പദ്ധതികള്‍ നടപ്പിലാക്കി വരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോല്‍പാദനത്തില്‍ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേര്‍ന്ന് ബയോഫ്ളോക്ക് അക്വാകള്‍ച്ചര്‍ സിസ്റ്റം, വീട്ടുവളപ്പില്‍ പടുതകുളത്തിലെ മത്സ്യകൃഷി, കുളത്തിലെ കരിമീന്‍ കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുള്‍പ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി റീസര്‍ക്കുലേറ്ററി അക്വാകള്‍ച്ചര്‍ എന്നിവ നടപ്പിലാക്കി വരുന്നു. പൊതു ജലാശയങ്ങളില്‍ മത്സ്യ സമ്പത്ത് വര്‍ദ്ധിപ്പിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. കേരള റിസര്‍വോയര്‍ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട് പ്രകാരം കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ജലസംഭരണികളില്‍ നിന്ന് മത്സ്യ ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങള്‍ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും 2020-21 സാമ്പത്തിക വര്‍ഷം നടപ്പിലാക്കി അഷ്ടമുടി/വേമ്പനാട് |

| | | | |
|---|---|---|---|
| | | | കായലുകളിൽ മത്സ്യ സമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കി. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും ഉൾനാടൻ മത്സ്യമേഖല കേരളത്തിൻറെ സാമ്പത്തിക ഭാവിക്ക് ഒരു ഉത്തേജനമായി വർത്തിക്കുകയും ചെയ്യുന്നു. ഉൾനാടൻ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9800 ലക്ഷം രൂപയുടെ സുഭിക്ഷ കേരളം - ജനകിയ മത്സ്യകൃഷി പദ്ധതിയും പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതിയും, റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 150 ലക്ഷം രൂപയുടെ പദ്ധതിയും പരിഗണനയിലുണ്ട്. ഇതുകൂടാതെ കടലിലെയും കായലിലെയും പുഴകളിലെയും പ്രകൃത്യാലുള്ള മത്സ്യ സമ്പത്ത് സുസ്ഥിരമായി പരിപാലിക്കുക വഴി മത്സ്യബന്ധനം വഴിയുള്ള മത്സ്യോല്പാദനം ഉയർത്തുവാൻ കഴിയുന്നതാണ്. ആയതിലേയ്ക്ക് വേണ്ടി കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ടും / കേരള ഇൻലാൻറ് ഫിഷറീസ് അക്വാകൾച്ചർ ആക്ടും കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ